# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 300 07.10.2016-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നടത്തിപ്പും.

| ചോദ്യം<br>ശ്രീ.വി.ജോയി<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.എം.നൗഷാദ്. | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നടത്തിപ്പും സമയബന്ധിതമായി നടത്താത്തതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സമയബന്ധിതമായി നടത്തുവാൻ മാർഗ്ഗരേഖയിൽ സമയക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 2016-ൽ 14- ാം നിയമസഭാ തിരഞ്ഞെടുപ്പ് നടന്നതിനാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് സഭകൾ യഥാസമയം കൂട്ടുന്നതിന് സാധിച്ചിട്ടില്ലായെന്നും തന്മൂലം പദ്ധതി രേഖയ്ക്ക് അംഗീകാരം നേടിയെടുക്കുന്നതിനും കാലതാമസം വന്നിട്ടുള്ളതാണ്. കൂടാതെ പുതുതായി രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ അഭാവം നിമിത്തവും പദ്ധതി രൂപീകരണത്തിൽ കാലതാമസം വന്നിട്ടുള്ളതാണ്. ബഡ്ജറ്റിൽ വകയിരുത്തുന്ന പദ്ധതി തുക ഗഡുക്കളായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്യുന്ന രീതിയിൽ മാറ്റം വരുത്തിയതും, സാമ്പത്തിക വർഷ അവസാനത്തിൽ ബജറ്റ് തുകയിൽ കുറവ് വരുത്തി നൽകിയതും 2015-16 വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് കഴിയാതെ വരുന്നതിന് കാരണമായി. ഇതു മൂലം പദ്ധതി രൂപീകരണത്തിനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ 2016-17 വാർഷിക പദ്ധതി രൂപീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. കൂടാതെ 2015-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടപടികൾ 2016-ലെ സംസ്ഥാന തെരഞ്ഞെടുപ്പ് |

| | | | |
|---|---|---|---|
| | | | നടപടികൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തേയും നടത്തിപ്പിനേയും ബാധിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി വിഹിതത്തിൽ ഭൂരിഭാഗവും വർഷാവസാനം ചെലവഴിക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പു തന്നെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വകുപ്പു തലത്തിലും സംസ്ഥാനതല കോ-ഓർഡിനേഷൻ യോഗത്തിലും അവലോകനം നടത്താറുണ്ട്. നിലവിൽ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് കൂടുതലായും വർഷാവസാനം തുക ചെലവഴിക്കപ്പെടുന്നത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും കൂടുതൽ തുക പശ്ചാത്തല മേഖലയിൽ വകയിരുത്തുന്നതിനാൽ വർഷാവസാനം കൂടുതൽ തുക ചെല വഴിക്കപ്പെടുന്നു. പശ്ചാത്തല മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിന്റെ കാലാവധി സാമ്പത്തികവർഷം അവസാനം വരെയായി നൽകുന്നതിനാൽ കരാറുകാർ സാമ്പത്തിക വർഷാവസാനം മാത്രമേ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുള്ളൂ. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പദ്ധതി നടത്തിപ്പ് യഥാസമയം നടക്കാതെ പോകുന്നത്, പദ്ധതിയുടെ സാമൂഹിക നേട്ടം പരിമിതപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാൻ കർശന നിർദ്ദേശം നൽകുമോ; | (സി) | പദ്ധതികൾ യഥാസമയം നിർവ്വഹണം നടത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാധ്യതയാണ്. പദ്ധതികൾ യഥാസമയം നിർവ്വഹണം നടത്താതെ പോകുന്നത് പദ്ധതിയുടെ സാമൂഹിക നേട്ടം അർഹരായവർക്ക് ലഭിക്കുന്നത് കാലതാമസത്തിനിടയാക്കും. വാർഷിക പദ്ധതികളെല്ലാം അതാത് സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ യഥാസമയം പദ്ധതി നടത്തിപ്പ് സാമൂഹ്യ നേട്ടം ഉറപ്പുവരുത്തും വിധം ഏറ്റെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വാർഷിക പദ്ധതി, സ്ഥാപനത്തിന്റെ അധികാര പരിധിയെ ഒറ്റ ഭൂപ്രദേശമായി കണ്ട്, ആസൂത്രണം ചെയ്യാതെ വാർഡ് അടിസ്ഥാനത്തിൽ തുക വീതം വയ്ക്കുന്ന രീതി മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പിൻതുടരുന്നത്, ആസൂത്രണ പ്രക്രിയയുടെ ഗുണഫലം ഇല്ലാതാക്കുമെന്നതിനാൽ ഈ പ്രവണത തിരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ? | (ഡി) | ആസൂത്രണ പ്രക്രിയയുടെ ഗുണഫലം സമൂഹത്തിന് ലഭിയ്ക്കും വിധം വാർഡ് /ഡിവിഷൻ അടിസ്ഥാനത്തിലല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ളതും സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ളതുമായ സമഗ്ര പദ്ധതിയാണ് ആസൂത്രണം ചെയ്തുവരുന്നത്. |

Saradadevi

സെക്ഷൻ ഓഫീസർ